## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2787** **20.06.2013-ലെ മറുപടിക്ക്**

## ഭൂരഹിതർക്ക് ഭൂമി നൽകാൻ നടപടികൾ

**ചോദ്യം**
**ശ്രീമതി.കെ.എസ്.സലീഖ**

**മറുപടി**
**ശ്രീ. അടൂർപ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ വിതരണത്തിനായി 1550.13 ഏക്കർ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധം 'എ' ആയി ചേർക്കുന്നു. പ്രസ്തുത മിച്ചഭൂമിയിൽ വാസയോഗ്യമല്ലാത്ത വെള്ളക്കെട്ട്, പാറ, കുന്നിൽപ്രദേശം എന്നിവ ഉൾപ്പെടുന്നു. ഇവ ഒഴിവാക്കി സർവ്വേ ചെയ്ത് വിതരണ യോഗ്യമായവ തിട്ടപ്പെടുത്തി വരികയാണ്. |
| (ബി) | മിച്ചഭൂമി കേസുകളിൽ കോടതികളിൽ തീർപ്പാ കാതെ കിടക്കുന്ന കേസുകൾ തീർപ്പുകൽപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്നുണ്ട്;എത്ര ഹെക്ടർ ഭൂമിയാണ് ഇത്തരത്തിൽ കേസുകളിൽപ്പെട്ട് കോടതി കളിൽ തീർപ്പുകൽപ്പി ക്കാനുള്ളത്; വിശദമാക്കുമോ; | (ബി) | മിച്ചഭൂമി കേസുകളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ കാര്യവിവരപത്രികകൾ, മറ്റ് ആവശ്യമായി വരുന്ന അനുബന്ധ രേഖകൾ എന്നിവ യഥാസമയം തന്നെ ബന്ധപ്പെട്ട ഗവ. പ്ലീഡർ/അഡ്വ.ജനറൽ വഴി ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചുകൊണ്ട് ടി കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പാക്കുവാൻ അടിയന്തിര ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br><br>റവന്യൂ വകുപ്പിന്റെ കേസുകൾക്ക്, സർക്കാർ നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ഗവ. പ്ലീഡറുടെ സേവനം മിച്ചഭൂമി സംബന്ധിച്ച കേസുകളിൽ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് മിച്ചഭൂമി കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പാക്കുവാൻ എല്ലാ റ്റി.എൽ.ബി. ചെയർമാൻമാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പ്രത്യേക മീറ്റിംഗുകളിലൂടെയും മറ്റും കർശന നിർദ്ദേശം നല്കി വരുന്നുണ്ട്.<br><br>നിലവിൽ വിവിധ ജില്ലാകളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം 1740.76 ഹെക്ടർ മിച്ചഭൂമി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടുവരുന്നുണ്ട്. |
| (സി) | എത്ര ഏക്കർ മിച്ചഭൂമി നോട്ടിഫൈ ചെയ്തിട്ടുണ്ട്;ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിലായി മിച്ചഭൂമി നോട്ടിഫൈ ചെയ്തത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര ഏക്കർ മിച്ചഭൂമി ഭൂരഹിതർക്ക് നൽകി; ജില്ലതിരിച്ച് വിശദമാക്കുമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതർക്ക് മിച്ചഭൂമി നൽകിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 'സി' ആയി ചേർക്കുന്നു. |
| (ഇ) | പൊതു ആവശ്യത്തിന് ലാന്റ് ബോർഡ് വഴി എത്ര ഏക്കർ മിച്ചഭൂമി റിസർവ്വ് ചെയ്തിട്ടുണ്ട്; എന്താവശ്യങ്ങൾക്ക്;ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | പൊതു ആവശ്യങ്ങൾക്കായി സംസ്ഥാന ത്തൊട്ടാകെ റിസർവ്വ് ചെയ്തിരുന്നതിൽ 4714.91 ഏക്കർ വിവിധ ജില്ലകളിലായി പൊതു ആവശ്യത്തിനായി ഉപയോഗിച്ചശേഷം ശേഷിക്കുന്നു. ആയതിന്റെ ജില്ലതിരിച്ചുള്ള മിച്ചഭൂമി വിവരം അനുബന്ധം 'ഡി' |

| | | | |
|---|---|---|---|
| | | | ആയി ചേർക്കുന്നു. റിസർവ്വ് ചെയ്തിട്ടുള്ളത് ഏതേത് ആവശ്യങ്ങൾക്കാണെന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല |
| (എഫ്) | ഭൂരഹിതരായ എത്ര കുടുംബങ്ങളാണ് നിലവിൽ സംസ്ഥാനത്തുള്ളത്; ഭൂരഹിതർക്ക് മുഴുവൻ കുടുംബത്തിനും ഭൂമി നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എഫ്) | ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അർഹരായി കണ്ടെത്തിയ ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് (2,33,232 കുടുംബങ്ങൾ) 15.08.2012 ൽ പ്രസിദ്ധീകരിച്ചു. അപേക്ഷ സ്വീകരിക്കുന്ന തീയതി വീണ്ടും 15.02.2013 വരെ ദീർഘിപ്പിച്ചതിൻ പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടന്നുവരുന്നു.<br><br>ഭൂരഹിതരായി കണ്ടെത്തുന്ന എല്ലാ കുടുംബങ്ങൾക്കും 2015 ഓടുകൂടി വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.<br><br>ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മുഴുവൻ അപേക്ഷകളും ലഭിച്ചാൽ മാത്രമേ കൃത്യമായ എണ്ണം തിട്ടപ്പെടുത്താൻ കഴിയൂ. ഇതിലേക്കായി സ്വീകരിച്ച അപേക്ഷകളിൽ ഒരു ലക്ഷം ഭൂരഹിത കുടുംബങ്ങൾക്ക് ആദ്യഘട്ടമായി 2013 ആഗസ്റ്റ് മാസത്തിൽ ഭൂമി നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**